കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി
KERALA STATE LITERACY MISSION AUTHORITY
(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)
T.C. No.27/1461, Convent Road, Kammattam Lane, Vanchiyoor, Thiruvananthapuram-35
Phone: 0471-2472253,2472254, Fax : 0471-2462252, E-mail: stateliteracymission@gmail.com

തീയതി: 21.04.2018

# തുല്യതാ പഠിതാക്കൾക്കും സ്കൂൾ വിദ്യാർഥികൾക്കും ഫീസ് ഇളവ്
# 'പച്ചമലയാളം', 'ഗുഡ് ഇംഗ്ലീഷ്', 'അച്ഛീ ഹിന്ദി' കോഴ്സുകളുടെ രണ്ടാംബാച്ച് രജിസ്ട്രേഷൻ തുടങ്ങി

തിരുവനന്തപുരം: ശാസ്ത്രീയമായി മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ അനായാസം കൈകാര്യം ചെയ്യാൻ പഠിപ്പിക്കുന്ന സാക്ഷരതാമിഷന്റെ 'പച്ചമലയാളം', 'ഗുഡ് ഇംഗ്ലീഷ്', 'അച്ഛീ ഹിന്ദി' എന്നീ നാല് മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സുകളുടെ രണ്ടാംബാച്ചിലേക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. മെയ് 10 വരെ രജിസ്റ്റർ ചെയ്യാം. രജിസ്ട്രേഷൻ ഫീസ് 500 രൂപയും കോഴ്സ് ഫീസ് 2000 രൂപയുമാണ്.

എട്ടാംക്ലാസ് പൂർത്തിയാക്കിയ 17 വയസ് പ്രായമുള്ള ആർക്കും ഈ കോഴ്സുകളിൽ ചേരാം. ഔപചാരിക തലത്തിൽ എട്ട് മുതൽ ഹയർ സെക്കൻഡറി വരെയുള്ള ക്ലാസുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർഥികൾക്കും കോഴ്സിൽ ചേരാവുന്നതാണ്. ഇവർക്ക് പ്രായപരിധി ബാധകമല്ല. സാക്ഷരതാമിഷന്റെ പത്താംതരം, ഹയർസെക്കൻഡറി തുല്യതാ കോഴ്സുകളിൽ പഠിക്കുന്നവർക്കും ഔപചാരിക തലത്തിൽ എട്ടാം ക്ലാസ് മുതൽ ഹയർസെക്കൻഡറി വരെ പഠിക്കുന്ന വിദ്യാർഥികൾക്കും രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് എന്നീ ഇനങ്ങളിൽ 2000 രൂപ അടച്ചാൽ മതിയാകും.

ഒരു സ്കൂളിലെ 20 പേർ സർട്ടിഫിക്കറ്റ് കോഴ്സിന് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആ സ്കൂളിൽ സമ്പർക്കപഠനകേന്ദ്രം അനുവദിക്കുന്നതാണ്. അധ്യാപകർ, രക്ഷിതാക്കൾ, അനധ്യാപകർ എന്നിവർക്കും കോഴ്സിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഞായറാഴ്ചകളിലും പൊതുഅവധി ദിവസങ്ങളിലും പകൽ 9.30 മുതൽ 3.30 വരെയാണ് ക്ലാസ്. നിലവിൽ സാക്ഷരതാമിഷന്റെ പത്താംതരം, ഹയർ സെക്കൻഡറി തുല്യതാ കോഴ്സുകളിൽ പഠിക്കുന്നവർക്ക് ശനിയാഴ്ച മാത്രമായിരിക്കും സമ്പർക്കപഠന ക്ലാസ്.

അപേക്ഷ,രജിസ്ട്രേഷൻ ഫോറങ്ങൾ, ചെലാൻ എന്നിവ www.literacymissionkerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. വിവരങ്ങൾക്ക്: ഫോൺ: 0471– 2472253, 2472254.

കഴിഞ്ഞ ഫെബ്രുവരിയിൽ ആരംഭിച്ച കോഴ്സുകൾക്ക് തുടക്കത്തിൽ തന്നെ മികച്ച സ്വീകാര്യതയാണ് ലഭിച്ചത്. മറ്റ് ഭാഷ മാത്രമറിയുന്നവർ, ഭരണഭാഷ മാതൃഭാഷയായതിനെ തുടർന്ന് ഓഫീസ് നിർവഹണത്തിൽ പ്രയാസം നേരിടുന്നവർ, ഭാഷാന്യൂനപക്ഷത്തിലുള്ളവർ എന്നിവരെയാണ് പ്രധാനമായും പച്ചമലയാളം കോഴ്സിനായി ഉദ്ദേശിക്കുന്നത്. മലയാളം കംപ്യൂട്ടിങ് വ്യാപിപ്പിക്കുക, സ്മാർട്ട് ഫോണുകളിലടക്കം മലയാളത്തിന്റെ ഉപയോഗം വർധിപ്പിക്കുക തുടങ്ങിയവയും പദ്ധതി ലക്ഷ്യമിടുന്നു. സാമാന്യ ആശയവിനിമയം, വ്യാകരണശുദ്ധിയോടെ എഴുതുന്നതിനുള്ള പാടവം എന്നിവ വർധിപ്പിക്കുന്നതിന് സഹായകമാകുന്ന തരത്തിൽ രൂപപ്പെടുത്തിയതാണ് ഗുഡ് ഇംഗ്ലീഷ്, അച്ഛീ ഹിന്ദി കോഴ്സുകൾ. രണ്ടാംബാച്ചിന്റെ ക്ലാസ് ജൂണിൽ ആരംഭിക്കുമെന്ന് സാക്ഷരതാമിഷൻ ഡയറക്ടർ ഡോ.പി.എസ്.ശ്രീകല അറിയിച്ചു.

**പബ്ലിക് റിലേഷൻസ് ഓഫീസർ**